



## ഫോറസ്റ്റ് പ്ലസ് 2.0
## പ്രമാണങ്ങളും പ്രതീക്ഷകളും

- നൂതനവൽക്കരിച്ച ഭൂപ്രകൃതി ക്രമീകരണ തന്ത്രങ്ങൾ ഉപയോഗിച്ച് വനത്തിൽ നിന്നുള്ള സാധന-സേവനങ്ങൾ മെച്ചപ്പെടുത്തി ഇന്ത്യയുടെ സാമ്പത്തിക വളർച്ചാ പദ്ധതികളെ സഹായിക്കുക
- പാരിസ്ഥിതിക സേവനങ്ങളെ മെച്ചപ്പെടുത്താനും നിക്ഷേപങ്ങൾ ആകർഷിക്കാനും വേണ്ടി പ്രേരക പ്രവർത്തനരീതികളും വനാധിഷ്ഠിത മൂല്യ ശൃംഖലയും വികസിപ്പിക്കുക
- വന, പാരിസ്ഥിതിക സേവനങ്ങളുടെ മൂല്യത്തെ കുറിച്ചുള്ള (പരിസ്ഥിതി സാമ്പത്തിക, സാമൂഹിക, സാംസ്കാരിക, ശാസ്ത്രീയ സംബന്ധിയായ) അറിവുകളെ വർധിപ്പിക്കുക
- ഏകീകൃതവും കാര്യക്ഷമവും സംയോജിതവുമായ വന, ഭൂപ്രകൃതി ക്രമീകരണത്തിനായുള്ള പാരിസ്ഥിതിക സമീപനത്തെ പ്രചരിപ്പിക്കുക
- വന, ഭൂപ്രകൃതി ക്രമീകരണത്തിന്റെ ആസൂത്രണത്തിനും നടപ്പാക്കലിനും മേൽനോട്ടത്തിനുമായി നൂതന സാങ്കേതിക ഉപകരണങ്ങളും പദ്ധതികളും കൈക്കൊള്ളുക
- രേഖപ്പെടുത്തിയ വനാതിർത്തിക്ക് ഉള്ളിലും പുറത്തുമായുള്ള ഭൂമിയുടെ വിനിയോഗ പ്രവർത്തനത്തിനും ക്രമീകരണത്തിനു-മായുള്ള പദ്ധതികൾ തയ്യാറാക്കാൻ സഹായിക്കുക



# ഫോറസ്റ്റ് പ്ലസ് 2.0
## വനങ്ങൾ, ജലസമ്പത്തിനും സമൃദ്ധിക്കും

USAID FROM THE AMERICAN PEOPLE

Ministry of Environment, Forest and Climate Change

*For more information about the Forest-PLUS 2.0 program, please contact:*

**രോഹിത് തിവാരി**
ഇൻസ്പെക്ടർ ജനറൽ ഓഫ് ഫോറസ്റ്റ്
ഫോറസ്റ്റ് പോളിസി ഡിവിഷൻ
മിനിസ്ട്രി ഓഫ് എൻവയൺമെന്റ്,
ഫോറസ്റ്റ് ആന്റ് ക്ലൈമറ്റ് ചെയ്ഞ്ച്
ഇന്ദിര പരിയാവരൺ ഭവൻ, ജോർബാഗ് റോഡ്,
ന്യൂഡെൽഹി – 110 003, ഇൻഡ്യ.

Website: http://moef.gov.in/
Email: wb094.ifs@nic.in

**ശ്രീ. വർഗ്ഗീസ് പോൾ**
സീനിയർ ഫോറസ്ട്രി അഡ്വൈവസർ
യു.എസ്.എജൻസി ഫോർ ഇന്റർനാഷണൽ
ഡെവലപ്മെന്റ്,
അമേരിക്കൻ എംബസ്സി, ശാന്തിപഥ്,
ചാണക്യപുരി, ന്യൂഡെൽഹി – 110021
ഇൻഡ്യ

Website: www.usaid.gov/india
Email: vpaul@usaid.gov

**ഡോ. ഉജ്ജ്വൽ പ്രഥാൻ**
ചീഫ് ഓഫ് പാർട്ടി
ഫോറസ്റ്റ് പ്ലസ് 2.0
തേർഡ് ഫ്ളോർ, 37, ലിങ്ക് റോഡ്,
ലജ്പഥ് നഗർ – III
ന്യൂഡെൽഹി – 110 024
ഇൻഡ്യ

Website: www.forestplus.org
Email: ujjwal.pradhan@forestplus.org

# ഇന്ത്യയിലെ വനപരിപാലനം ശക്തിപ്പെടുത്തൽ

## ആവശ്യകത

ഭൂവിസ്തൃതിയുടെ കാര്യത്തിൽ ലോകരാജ്യങ്ങളിൽ ഏഴാം സ്ഥാനമാണ് ഇന്ത്യക്ക്. ആകെ 3.3 ദശലക്ഷം ചതുരശ്രമീറ്ററിൽ വൈവിധ്യമാർന്ന ഭൂപ്രകൃതിയോടെ വ്യാപിച്ച് കിടക്കുന്ന നമ്മുടെ രാജ്യം വ്യത്യസ്തമായ കാലാവസ്ഥയുള്ള ഹിമാലയം, പശ്ചിമഘട്ടം, പൂർവ്വഘട്ടം, ആരവല്ലി തുടങ്ങിയ മലനിരകൾ ഉൾപ്പെട്ടതാണ്. കാലാവസ്ഥാപരമായ വൈവിധ്യം മൂലം ഓരോയിടത്തും മഴയുടെ വാർഷിക ശരാശരി 300 മുതൽ 3000 മില്ലിമീറ്റർ വരെയാകും. ഭൂപ്രകൃതിയിലെ ഈ വൈജാത്യങ്ങളാണ് പാരിസ്ഥിതിക വൈവിധ്യങ്ങൾക്ക് ഹേതുവാകുന്നത്. 16 തരം വനവിഭാഗങ്ങൾ ഉൾപ്പെടുന്ന ഈ ആവാസവ്യവസ്ഥയും 91,000 ത്തിൽ പരം ജന്തുജാലങ്ങളും 45,500 ൽ പരം സസ്യങ്ങളുമാണ് ലോകത്തെ 60-70% ജൈവവൈവിധ്യം ഉൾപ്പെടുന്ന 17 'മെഗാ ഡൈവേഴ്സ്' രാജ്യങ്ങളിൽ ഇന്ത്യക്ക് സ്ഥാനം ലഭിക്കാനുള്ള കാരണം.

## ആവാസ വ്യവസ്ഥയിൽ വനങ്ങളുടെ പ്രാധാന്യം

ഇന്ത്യയിലെ ജനങ്ങളും വനങ്ങളും തമ്മിൽ അഭേദ്യമായൊരു ബന്ധം നിലനിൽക്കുന്നുണ്ട്. 300 ദശലക്ഷം ഇന്ത്യക്കാരാണ് ദൈനംദിന ജീവിതത്തിലെ വിവിധ ആവശ്യങ്ങൾക്കായി വനങ്ങളെ ആശ്രയിക്കുന്നത്. പല രീതിയിലും വനങ്ങളിൽനിന്ന് ഉപജീവനം തേടുന്നവരുണ്ട്. തടി, തടിയേതര വനവിഭവങ്ങൾ, ശുദ്ധ ജലം, വായു കാലാവസ്ഥാ നിയന്ത്രണം, മണ്ണിന്റെ സുസ്ഥിര ഘടന, വിനോദം, ആത്മീയത എന്നിവയിലെല്ലാം വലിയ പങ്ക് വഹിച്ച് വനങ്ങൾ മനുഷ്യനുമായി അഭേദ്യ ബന്ധപ്പെട്ട് കിടക്കുകയാണ്.

വനങ്ങൾ പാരിസ്ഥികമായി നൽകുന്ന ഏറ്റവും പ്രധാനപ്പെട്ട സേവനങ്ങളിൽ ഒന്നാണ് ജലം. ലോകത്താകെയുള്ളതിൽ 4% മാത്രം ജലസമ്പത്താണ് ഇന്ത്യയിലുള്ളത്. ഉപലബ്ധമായ ജലസമ്പത്ത് ഉപയോഗിച്ച് ലോകത്തിലെ 16% മനുഷ്യരുടേയും 18 % വളർത്തു മൃഗങ്ങളുടേയും ആവശ്യങ്ങൾ നിറവേറ്റേണ്ടി വരുന്ന ഇന്ത്യൻ സാഹചര്യത്തിൽ വനങ്ങളുടെ പ്രാധാന്യം വളരെ മഹത്വമുള്ളതാണ്. 2016 ൽ ഇന്ത്യയിലെ ജലസ്രോതസുകളെ കുറിച്ച് നടന്ന ഒരു പഠന പ്രകാരം 70% നദികളും അപകടകരമായ അവസ്ഥയിലാണ്. ഇന്ത്യയിലൊഴുകുന്ന 400 നദികളിൽ 298 എണ്ണമാണ് ഇതിൽ പഠനവിധേയമാക്കിയത്. പല ജലാശയങ്ങളുടേയും നീരൊഴുക്ക് കുറഞ്ഞിരിക്കുന്നതായും, പോഷകനദികൾ ഇല്ലാതാകുകയോ ക്ഷയിച്ച് പോകുകയോ ചെയ്തിട്ടുള്ളതായും, മലിനീകരണം അനിയന്ത്രിതമായ തോതിലായതായും നദീതീരങ്ങൾ കയ്യേറിയുള്ള നിർമ്മാണങ്ങൾ വ്യാപകമായതായും കാടുകളിൽ വൃഷ്ടി പ്രദേശങ്ങൾ ഇല്ലാതാകുന്നതായും ഈ റിപ്പോർട്ടിൽ പ്രതിപാദിക്കുന്നു. ഭൂരിഭാഗം നദികളും ഉത്ഭവിക്കുന്നതും ഒഴുകി വരുന്നതും വനഭൂമിയിലൂടെയാണ് എന്നിരിക്കെ ജലദൗർലഭ്യം വർധിച്ച് വരുന്ന ഇക്കാലത്ത് പ്രകൃതിദത്ത ജലസംഭരണികളായ വനങ്ങളിൽ കൂടുതൽ ശ്രദ്ധ ഊന്നേണ്ടത് അത്യാവശ്യമാണ്.



## ഫോറസ്റ്റ് പ്ലസ് 2.0 ഒരു തിരനോട്ടം

ഇന്ത്യയുടെ സാമ്പത്തിക അഭിവൃദ്ധിക്കും അനുദിനം വളരുന്ന ജനസംഖ്യക്കും ആവശ്യമായ തോതിൽ വിഭവങ്ങളും സേവനങ്ങളും ലഭ്യമാക്കാനുള്ള വനങ്ങളുടെ ശേഷി പരിമിതമായി കൊണ്ടിരിക്കുകയാണ്. വനങ്ങൾ ഉൾപ്പെടുന്ന ഭൂപ്രകൃതിക്ക് മേലുണ്ടാകുന്ന സമ്മർദ്ദങ്ങളാണതിന് കാരണം. അത് കൊണ്ട് തന്നെ സമ്പൂർണ്ണമായ ഭൂപ്രകൃതി വിനിയോഗ ക്രമീകരണവും ജലസ്രോതസുകൾ ഉൾപ്പെടെയുള്ള പാരിസ്ഥിതിക സേവനങ്ങളെ മെച്ചപ്പെടുത്തലും സംയോജിതമായി നടത്തുന്നതിന് ഏകീകൃതവും ആസൂത്രിതവുമായ ശ്രമങ്ങൾ ആവശ്യമുണ്ട്.

ഈ അനിവാര്യതയെ മുന്നിൽ കണ്ടാണ് യുണൈറ്റഡ് സ്റ്റേറ്റ്സ് ഏജൻസി ഫോർ ഇന്റർനാഷണൽ ഡവലപ്മെന്റും (USAID) കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാനം മന്ത്രാലയവുമായി ചേർന്നുള്ള പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. 'ഫോറസ്റ്റ്-പ്ളസ് 2.0. വനങ്ങൾ, ജലസമ്പത്തിനും സമൃദ്ധിക്കും' എന്ന അഞ്ച് വർഷം നീണ്ട് നിൽക്കുന്ന ഈ പദ്ധതിക്ക് 2018 ഡിസംബറിലാണ് രൂപം കൊടുത്തത്. പാരിസ്ഥിതികവും, സാമൂഹികവും സാമ്പത്തികവുമായ സുസ്ഥിരത വർധിപ്പിക്കാനുതകുന്ന വിധത്തിൽ വനഭൂമി പരിപാലനത്തിൽ പാരിസ്ഥിക സേവനങ്ങൾക്ക് പ്രാധാന്യം കൊടുത്തു കൊണ്ടുള്ള സംവിധാനങ്ങൾ വികസിപ്പിക്കാനുള്ള സമീപനം അവതരിപ്പിക്കലാണ് ഇതിന്റെ ലക്ഷ്യം. ഓരോ ഭൂപ്രദേശത്തും വനവും അതിലെ ആവാസ വ്യവസ്ഥയും നൽകുന്ന സേവനങ്ങളെ കുറിച്ച് ആഴത്തിൽ മനസിലാക്കുന്നതിനും ഈ പദ്ധതി സഹായിക്കും. സാമ്പത്തിക വളർച്ചക്ക് താങ്ങാകും വിധം ഈ സേവനങ്ങളുടെ സുസ്ഥിരമായ പരിപാലനത്തിനും സന്തുലിതാവസ്ഥ നിലനിർത്താനുമായി ഒരു സംവിധാനം രൂപപ്പെടുത്തുന്നതിലേക്ക് ഈ അറിവ് ഉപയോഗപ്രദമാകും.

2012- 2017 കാലഘട്ടത്തിൽ USAID നടപ്പിലാക്കിയ 'ദ പാർട്ണർഷിപ്പ് ഫോർ ലാൻഡ് യൂസ് സയൻസ് (Forest- PLUS) എന്ന പദ്ധതിയുടെ വിജയത്തിൽ നിന്നാണ് Forest-PLUS 2.0 രൂപപ്പെടുത്തിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സംസ്ഥാനങ്ങളിലെ വനവകുപ്പുകൾ, ഗവേഷണ സ്ഥാപനങ്ങൾ, സ്വകാര്യ സംരംഭങ്ങൾ, വനത്തെ ആശ്രയിച്ച് ജീവിക്കുന്ന ജനസമൂഹങ്ങൾ എന്നിവരുമായൊക്കെ വളരെ അടുത്ത സഹകരണവും ഏകോപനവുമായാണ് ഫോറസ്റ്റ് പ്ളസ് 2.0 മുന്നോട്ട് പോകുന്നത്.

പദ്ധതിയുടെ ലക്ഷ്യങ്ങൾ

- 1,200,000 ഹെക്ടർ ഭൂമി മെച്ചപ്പെട്ട പരിപാലന വ്യവസ്ഥയ്ക്ക് കീഴിൽ കൊണ്ട് വരിക
- പാരിസ്ഥിതിക സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഭൂപ്രകൃതി ക്രമീകരണത്തിൽ മൂന്ന് പ്രേരക രീതികൾ അവതരിപ്പിക്കുക
- 12 മില്യൺ ഡോളർ മൂല്യമുള്ള പുതിയ സാമ്പത്തിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക
- 800,000 കുടുംബങ്ങൾക്ക് വർധിതമായ തോതിൽ സാമ്പത്തിക അഭിവൃദ്ധി ഉറപ്പുവരുത്തുക

പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നത് താഴെ പറയുന്നവയിലാണ്:

**വനങ്ങളിൽ നിന്നുള്ള പലവിധ സേവനങ്ങളെ കൈകാര്യം ചെയ്യുന്നതിനായുള്ള മാർഗങ്ങൾ വികസിപ്പിക്കൽ**

- ഒഴുക്കും ഗുണമേന്മയും മെച്ചപ്പെടും വിധം വനത്തിലെ നീർത്തടങ്ങളുടെ പരിപാലനത്തിനും വനത്തെ ആശ്രയിച്ച ജീവിക്കുന്നവരുടെ ഉപജീവനമാർഗ്ഗങ്ങളെ മെച്ചപ്പെടുത്തുന്നതിനും സഹായിക്കുക
- നിലവിലുള്ള ഒരു പാരിസ്ഥിതിക സമീപനത്തെ ആസ്പദമാക്കി മാതൃക വന കൈകാര്യ പദ്ധതി (പ്രവർത്തന പദ്ധതികളും ഭൂപ്രകൃതി ക്രമീകരണ പദ്ധതികളും) വികസിപ്പിക്കുക
- സാങ്കേതികത്വവും മൊബൈൽ ആപ്പുകളും ഉപയോഗിച്ച് ആസൂത്രണ പ്രക്രിയയെ നൂതനവൽക്കരിക്കുക

**സാമ്പത്തിക കുതിപ്പിനായി പ്രോത്സാഹനാടിസ്ഥാനത്തിലുള്ള പദ്ധതികൾ**

- പാരിസ്ഥിതിക സേവനങ്ങളുടെ മേൽനോട്ടത്തിനും മൂല്യനിർണ്ണയത്തിനും വേണ്ടിയുള്ള ഉപകരണങ്ങൾ (tools) വികസിപ്പിക്കുക
- ഈ സേവനങ്ങളുടെ കാര്യക്ഷമമായ വിതരണത്തിനായി പ്രോത്സാഹനാടിസ്ഥാനത്തിലുള്ള പ്രവർത്തന രീതികൾ അവതരിപ്പിക്കുക. ഉദാഹരണം: ഒരു മുനിസിപ്പാലിറ്റിയോ വ്യവസായ സ്ഥാപനമോ നദീജലം ഉപയോഗിക്കുന്നതിനായി വനത്തെ ആശ്രയിച്ച് ജീവിക്കുന്നവർക്ക് പ്രതിഫലം നൽകുക. പുതുക്കിയ വന ക്രമീകരണ രീതികൾ കൊണ്ടാണ് ഇത് സാധ്യമാകുക.


**സംരക്ഷണത്തിനൊപ്പം സാമ്പത്തികമായ അവസരങ്ങൾ കൂടി തുറന്ന് കൊടുക്കൽ**

- വനത്തെ ആശ്രയിച്ച് ജീവിക്കുന്നവർക്ക് ലാഭകരമായ സാമ്പത്തിക അവസരങ്ങൾ ലഭിക്കുന്ന തരത്തിൽ (ദൈനംദിന ഉപജീവനമാർഗത്തേക്കാൾ ഉപരി) സംരക്ഷണ സംരംഭങ്ങൾ രൂപകൽപന ചെയ്യുന്നതിലും സ്വകാര്യ മേഖലയിൽ നിന്ന് നിക്ഷേപങ്ങൾ എത്തിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുക.

## ഫോറസ്റ്റ് പ്ലസ് 2.0 ഭൂപ്രദേശങ്ങൾ


### ഗയ, ബീഹാർ

ജാർഖണ്ഡുമായി അതിർത്തി പങ്കിടുന്ന ദക്ഷിണ ബീഹാറിലെ പ്രദേശങ്ങളാണ് ഗയ ഫോറസ്റ്റ് ഡിവിഷനിൽ ഉൾപ്പെടുന്നത്. ഇവിടെയുള്ള സ്വാഭാവിക വരണ്ട ഇലപൊഴിയും ഉഷ്ണമേഖല വനങ്ങൾ വിരളമായി കൊണ്ടിരിക്കുകയാണ്. പ്രശസ്തമായ ബുദ്ധമത തീർത്ഥാടന കേന്ദ്രമാണ് ഇവിടം. ഗയ, ജഹനാബാദ് ജില്ലകളാണ് ഈ ഡിവിഷനിൽ ഉൾപ്പെട്ടിട്ടുള്ളത്. ഗൗതം ബുദ്ധ വന്യജീവി സങ്കേതം ഈ ഡിവിഷന്റെ ഭാഗമാണ്. ബീഡി ഇല, കൂവളം, നെല്ലിക്ക, ഞാന്നൽ, നൂറമരത്തിന്റെ കായ തുടങ്ങി നിരവധി വനവിഭവങ്ങൾ ഈ കാടുകളിൽ നിന്ന് ലഭ്യമാണ്. ചോട്ടാ നാഗ്പൂർ പ്രദേശത്ത് നിന്ന് ഉത്ഭവിക്കുന്ന ഫൽഗു, മോർഹാർ ദർദ്ധ,പൈമാർ തുടങ്ങിയ നദികളും ഗയയിലൂടെ ഒഴുകുന്നുണ്ട്. കൃഷി ഉപജീവനമാർഗ്ഗമാക്കിയ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശമാണിത്.




### തിരുവനന്തപുരം, കേരളം

കേരള സംസ്ഥാനത്തിന്റെ തെക്കേയറ്റത്തുള്ള ഭൂപ്രദേശമാണ് തിരുവനന്തപുരം. തിരുവനന്തപുരം ടെറിട്ടോറിയൽ, തിരുവനന്തപുരം വൈൽഡ് ലൈഫ് എന്നീ രണ്ട് ഫോറസ്റ്റ് ഡിവിഷനുകൾ ഒരുമിച്ച് ചേർന്നതാണിത്. പശ്ചിമ ഘട്ടത്തിന്റെ ഭാഗമായ ഉഷ്ണമേഖലാ നിത്യ ഹരിത, അർധ നിത്യഹരിത വനങ്ങളാണ് ഈ പ്രദേശത്തുള്ളത്. ഈ വനങ്ങളിൽ അമൂല്യമായ ജൈവവൈവിധ്യമുണ്ട്. സിംഹവാലൻ കുരങ്ങ് നീലഗിരി വരയാട്, നീലഗിരി ലങ്കൂർ തുടങ്ങിയ അത്യപൂർവ്വ ഇനം ജീവികളുടെ സാന്നിധ്യം ഇവിടത്തെ ജൈവസമ്പത്ത് വെളിവാക്കുന്ന സൂചകങ്ങളാണ്. നെയ്യാർ, കരമന, വാമനപുരം എന്നീ നദികളാണ് ഈ പ്രദേശങ്ങളിലൂടെ ഒഴുകുന്നത്.




### മേദക്, തെലുങ്കാന

തെലുങ്കാനയുടെ മധ്യ-പടിഞ്ഞാറൻ ഭാഗത്തുള്ള മേദക് ജില്ലയിലാണ് മേദക് ഡിവിഷൻ ഉൾപ്പെട്ടിട്ടുള്ളത്. വരണ്ട, ഇലപൊഴിയും ഉഷ്ണമേഖലാ കാടുകളാണ് ഈ ഡിവിഷനിൽ കാണപ്പെടുന്നത്. ബൃഹത്തായ ജൈവസമ്പത്തുള്ള പോച്ചാരം വന്യജീവി സങ്കേതത്തിന്റെ ഒരു ഭാഗവും ഈ ഡിവിഷനിൾ ഉൾപ്പെടുന്നു. തേക്ക്, ഞാന്നൽ, ഈട്ടി തുടങ്ങി വലിയ വിലയുള്ള വൃക്ഷങ്ങളും, വേപ്പ്,നെല്ലിക്ക, സീതപ്പഴം തുടങ്ങിയ ഫലവൃക്ഷങ്ങളും ഔഷധസസ്യങ്ങളും ഇവിടെയുണ്ട്. മഞ്ജീര നദിയും അതിനോട് ചേർന്നുള്ള നീർത്തടവുമാണ് ഈ പ്രദേശത്തെ വനവിഭവങ്ങളെ നിലനിർത്തുന്ന ജലസ്രോതസ്.

